(ഡി) സർക്കിൾ ഇൻസ്പെക്ടർ, 1-3-1984-ൽ ട്രെയനിംഗിനുവേണ്ടി സർവ്വീസിൽ പ്രവേശിച്ചു.

(ഇ) ഉണ്ട്. ഡി. വൈ. എസ്. പിയായി 20-2-96-ലെ ഉത്തരവ് പ്രകാരം പ്രമോഷൻ നൽകി.

(എഫ്) 1-3-1984 മുതൽ 1-8-1985 തിരുവനന്തപുരം പി.റ്റി.സിയിലും തൃശൂരിലും സി.ഐ. ട്രെയിനിംഗ് 6-11-1985 മുതൽ 26-6-1986 വരെ സി.ഐ. പൊന്നാനി, 7-7-1996 മുതൽ 26-6-1988 വരെ സി.ഐ. പാലക്കാട് 21-6-1988 മുതൽ 31-7-1991 വരെ സി.ബി.സിഐ.ഡി പാലക്കാട് 1-8-1991 മുതൽ 21-12-1991 വരെ സി.ഐ. പാലക്കാട് റൂറൽ, 1-1-1992 മുതൽ 5-2-1992 വരെ സി.ബി.സി.ഐ.ഡി. പാലക്കാട് 16-2-1992 മുതൽ 23-3-1992 വരെ സി. ഐ. പാലക്കാട് കസ്ബ 23-3-1992 മുതൽ 6-6-1995 വരെ പാലക്കാട് റൂറൽ 5-7-1995 മുതൽ 2-3-1996 വരെ സി.ബി.സി. ഐ.ഡി പാലക്കാട് 4-3-1996-ൽ ഡി.വൈ.എസ്.പിയായി പാലക്കാട് ജില്ല എസ്. ബിയിൽ ചാർജ് എടുത്തു. 22-8-1996 വരെ അവിടെ തുടരുകയും 9-9-1996 മുതൽ ഡി.വൈ.എസ്.പി വിജിലൻസ് പാലക്കാട് ആയി ജോലി നോക്കിവരികയും ചെയ്യുന്നു.

(ജി) എം. എ

(എച്ച്) വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(ഐ) ശ്രീ.എം.പി. ദിനേശൻ പാലക്കാട് വിജിലൻസ് ഡി.വൈ.എസ്. പി.യായി ചാർജ്ജെടുത്തതിനുശേഷം 19 ട്രാപ്പ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ പി.സി. 7/96/പാലക്കാട് എന്ന നമ്പർ കേസിലെ പ്രതിയായ ശ്രീ. ജെ. ജോൺസൺ, സ്പെഷ്യൽ റവന്യൂ ഇൻസ്പെക്ടർ, പാലക്കാട് എന്നയാളെ തൃശൂർ സ്പെഷ്യൽ കോടതി ശിക്ഷിച്ചിട്ടുണ്ട്. മറ്റു കേസുകൾ അന്വേഷണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

ശൃംഗേരി ശാരദാദേവി ക്ഷേത്രത്തിലെ കവർച്ച

55 (3245) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽശാല, കാർഷിക് ഫെർബൽ കമ്പനി, വളപ്പിലെ ശൃംഗേരി ശാരദാ ദേവി ക്ഷേത്രത്തിൽ നിന്നും തങ്ക കിരീടവും തിരുവാഭരണവും കവർച്ച ചെയ്തത് സംബന്ധിച്ച് സർക്കാരിന് എന്നാണ് പരാതി ലഭിച്ചത് ;

(ബി) ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; ഏത് പോലീസ് സ്റ്റേഷനിലാണ് കേസ് രജിസ്റ്റർ ചെയ്തത് ; ഏതെല്ലാം സെക്ഷൻസ് പ്രകാരമാണ് കേസ് രജിസ്ട്രർ ചെയ്തിട്ടുള്ളത് ;

(സി) ഈ കേസുമായി ബന്ധപ്പെട്ട് എത്ര പേരെ ചോദ്യം ചെയ്തിട്ടുണ്ട് ; ഇതിൽ എത്ര പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ട് ; അവർ ആരെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തൊണ്ടി സാധനങ്ങൾ വീണ്ടെടുത്തിട്ടുണ്ടോ ; ഏതെല്ലാം തൊണ്ടി സാധനങ്ങളാണ് ലഭിച്ചിട്ടുള്ളത് ;

(ഇ) മോഷണം പോയ ആഭരണങ്ങൾ തന്നെയാണോ ലഭിച്ചതെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ ;

(എഫ്) ലഭ്യമായ തൊണ്ടി സാധനങ്ങൾ ഇപ്പോൾ ആരുടെ കസ്റ്റഡിയിലാണ് ;

(ജി) പ്രതികളെ ആരെയെങ്കിലും ശിക്ഷിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു ശിക്ഷയാണ് നൽകിയത് ;

(എച്ച്) പ്രതികളെ ശിക്ഷിച്ചിട്ടില്ലെങ്കിൽ കാരണം വിശദമാക്കാമോ ;

(ഐ) കളവുമുതൽ ആരുടെ പക്കൽ നിന്നാണ് പിടിച്ചെടുത്തത് ;

(ജെ) മോഷണം നടന്നവിധം എപ്രകാരമാണെന്നാണ് പോലീസ് രേഖപ്പെടുത്തിയിട്ടുള്ളത് ;

(കെ) മോഷണവുമായി ഹെർബൽ കമ്പനിയിലെ ആർക്കെങ്കിലും പങ്കുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(എൽ) മോഷണസമയത്ത് സെക്യൂരിറ്റി ഉണ്ടായിരുന്നോ ;

(എം) മോഷണ ശ്രമങ്ങൾ തടയാൻ ക്ഷേത്രത്തിൽ വീഡിയോ സ്ഥാപിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ മോഷണ ദിവസം അതു പ്രവർത്തിച്ചിട്ടുണ്ടോ ;

(എൻ) കുറ്റക്കാരെ ശിക്ഷിച്ചിട്ടില്ലെങ്കിൽ മാതൃകാപരമായി ശിക്ഷ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 8-3-1999-ൽ

(ബി) വിളപ്പിൽശാല പോലീസ് സ്റ്റേഷനിൽ ക്രൈം 35/99 എം/എസ് 457,380, 201 ആന്റ് 34 ഐ.പി. സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഈ കേസുമായി ബന്ധപ്പെട്ട് 65 പേരെ ചോദ്യം ചെയ്തിട്ടുണ്ട്. നാലു പ്രതികളെ അറസ്റ്റുചെയ്തിട്ടുണ്ട്.

1. ജി.സി. ജയരാജൻ, മാറനല്ലൂർ
2. കൈലാസ്, കൊഞ്ഞിയൂർ
3. ശാന്താരാജ് രാജൻ, കൊഞ്ഞിയൂർ
4. ബാബു , ഏലബാബു, മാറനല്ലൂർ

(ഡി) ഉണ്ട്, ദേവി വിഗ്രഹത്തിൽ ചാർത്തിയിരുന്ന ചെറുതും വലുതുമായ 2 സ്വർണ്ണ കിരീടങ്ങളും, കമ്മൽ, ജിമിക്കികൾ, കാശുമാല, സ്വർണ്ണ ആഭരണങ്ങൾ, പൂത്താലി, കൊലുസ്, നെക്ലെസ്, ബ്രെയ്സ്ലറ്റ്, മാല തുടങ്ങിയ സ്വർണ്ണാഭരണങ്ങളും, സ്വർണ്ണാഭരണങ്ങൾ ഉരുക്കിയ കട്ടികളും അടക്കം 826 ഗ്രാം തൂക്കം വരുന്ന മുതലുകൾ കണ്ടെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ട്.

(എഫ്) കോടതിയിൽ നിന്നും ആവലാതിക്കാരൻ ഏറ്റുവാങ്ങി സൂക്ഷിച്ചുവരുന്നു.

(ജി & എച്ച്) കേസ് കാട്ടാക്കട ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റു കോടതിയിൽ വിചാരണയിലാണ്.

(ഐ) പ്രതികളിൽ നിന്നും പൂവാർ സ്വദേശി മുരുകൻ, ചാക്കയിലെ സ്വർണ്ണക്കടക്കാരനായ ത്യാഗരാജൻ, തങ്കപ്പൻ, ബാബുരാജ്, സീതാരാമൻ എന്നിവരിൽ നിന്നുമാണ് പിടിച്ചെടുത്തത്.

(ജെ) പ്രതികൾ 7-3-1999-ൽ രാത്രിയിൽ ആവലാതിക്കാരന്റെ വക ആർകിട് ഹെർമൽ മെഡിറ്റ് കാമ്പൗണ്ടിന്റെ കിഴക്കുവശത്ത് സ്ഥിതി ചെയ്യുന്ന ശാരദാദേവി ക്ഷേത്രത്തിന്റെ വടക്കു വശം ഷട്ടറിന്റെ പൂട്ടിനെ പിക്കാസിന്റെ മുനകൊണ്ട് തുറന്ന് ഷട്ടർ പൊക്കി അതുവഴി അകത്തുകടന്ന് വിഗ്രഹത്തിൽ ചാർത്തിയിരുന്ന ആഭരണങ്ങൾ മോഷ്ട്ടിച്ച് കയറിയ വഴി പുറത്തുപോയി എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

(കെ) ഇല്ല.

(എൽ) ഉണ്ടായിരുന്നു.

(എം) ക്ഷേത്രത്തിൽ വീഡിയോ സ്ഥാപിച്ചിട്ടില്ല.

(എൽ) കേസ് കോടതിയുടെ പരിഗണനയിലാണ്.

വയനാട് ജില്ലയിൽ ചാർജ് ചെയ്തിട്ടുള്ള കൊലപാതക കേസുകൾ

56 (3246) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ എത്ര കൊലപാതക കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ആരൊക്കെയാണ് കൊലചെയ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) മരണകാരണം കൊലപാതകമാണെന്ന് ആരോപിക്കപ്പെട്ടിട്ടുള്ള എത്രകേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) കൊലപാതകമാണെന്ന് ആരോപിക്കപ്പെട്ടിട്ടുള്ള കേസ്സുകളിൽ ആരൊക്കെയാണ് മരണപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇതിൽ മൊത്തം എത്ര കേസ്സുകൾ ചാർജ്ജ് ചെയ്തിട്ടുണ്ടെന്നും ഏതൊക്കെ കേസ്സുകളാണ് ചാർജ്ജ് ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

(എഫ്) ഇതിൽ ഏതെങ്കിലും കേസ്സുകളിൽ ആരെങ്കിലും ശിക്ഷിക്കപ്പെട്ടിട്ടുണ്ടോ ;

(ജി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly